5. വായ്പ ഉപയോഗിച്ച് വാങ്ങുന്ന മുഴുവൻ ബസ്സുകൾക്കും പ്രതിദിനം 1000 രൂപ നിരക്കിൽ മുതലും പലിശയുമായി തിരിച്ചടവിന് വേണ്ടി നിക്ഷേപിക്കേണ്ടതാണ്. ദിനംപ്രതി അടയ്ക്കുന്ന തുകയ്ക്ക് ഹ്രസ്വകാല ഡെപ്പോസിറ്റായി പരിഗണിച്ച് പലിശനൽകുന്നതും ഈ തുക മുതലും പലിശയും ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമായിരിക്കും.

ജില്ലാ സഹകരണ ബാങ്കുകളുടെ വ്യവസ്ഥകൾ

1. 13% പലിശനിരക്കിലാണ് വായ്പ അനുവദിക്കുന്നത്.

2. 36 മാസംകൊണ്ട് വായ്പ തുക പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കണം.

3. അതാതു ജില്ലകളിൽപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പോകളിലാണ് ഈ വായ്പ ഉപയോഗിച്ചു വാങ്ങുന്ന വണ്ടികൾ സർവ്വീസ് നടത്തേണ്ടത്.

4. വായ്പത്തുക ഉപയോഗിച്ച് വാങ്ങുന്ന വസ്തുക്കളുടെ വരുമാനത്തിൽനിന്നും പ്രതിദിനം 1233 രൂപ ബാങ്കിൽ അടയ്ക്കേണ്ടതുണ്ട്.

ആലുവ-കിഴക്കമ്പലം കരിമുകൾ തൃപ്പൂണിത്തുറ വഴി ബസ്സ് സർവ്വീസ്

93(1917)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-കിഴക്കമ്പലം-പള്ളിക്കര-പെരിങ്ങാല-കരിമുകൾ തൃപ്പൂണിത്തുറ വഴി എറണാകുളത്തേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് തൊഴിലാളികൾ പണിചെയ്യുന്ന വ്യവസായ കേന്ദ്രങ്ങളുള്ള ഈ റൂട്ടിൽ ഒരു ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലുവ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇത്തരത്തിലൊരു സർവ്വീസ് കഴിഞ്ഞ 15 വർഷമായി നിലവിലില്ല.

(ബി) നിരവധി സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന മേഖലയായതിനാൽ ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. ആയതിനാൽ ബസ്സ് സർവ്വീസ് നടത്താൻ നിർവ്വാഹമില്ല.

94 (1918) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ഡ്രൈവർമാരെ ഇപ്പോൾ നിയമിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയമനം ലഭിക്കുന്ന ഡ്രൈവർമാർക്ക് പരിശീലനം നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഡ്രൈവർമാർക്ക് മതിയായ പരിശീലനം ലഭിക്കാത്തതുമൂലമാണ് അപടകങ്ങൾ കൂടുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) നിയമനം ലഭിക്കുന്ന ഡ്രൈവർമാർക്ക് മതിയായ പരിശീലനം നൽകുന്നതിനായി ഗവൺമെന്റ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഡ്രൈവറായി നിയമനം ലഭിക്കുന്നയാൾ നാലാം ക്ലാസ്സ് പാസ്സായിരിക്കണം.

2. ഹെവി പാസഞ്ചർ വാഹനങ്ങൾ ഓടിക്കുവാനുള്ള നിയമ സാധുതയുള്ള ലൈസൻസ് ഉണ്ടായിരിക്കണം.

3. ലൈസൻസ് ലഭ്യമായി 7 വർഷം പൂർത്തിയായിരിക്കുകയും എന്നാൽ ഹെവി പാസഞ്ചർ വാഹനമോടിക്കുവാനുള്ള ലൈസൻസ് ലഭ്യമായി മൂന്നുവർഷം കഴിഞ്ഞിരിക്കുകയും വേണം.

ശാരീരിക യോഗ്യത

കുറഞ്ഞ ഉയരം	-	155 സെ.മി
നെഞ്ചുവണ്ണം (വികസിപ്പിക്കാതെ)	-	78 സെ.മീ.
ദൂരക്കാഴ്ച	-	6/6
അടുത്ത കാഴ്ച (നിയർ വിഷൻ)	-	0.5

(ബി) ഉണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭ്യമാകുന്ന ഡ്രൈവർമാരുടെ ലിസ്റ്റിൽനിന്നും പ്രാഗത്ഭ്യമുള്ളവരെ തെരഞ്ഞെടുത്ത് ആവശ്യമായ ട്രെയിനിംഗ് നൽകിയശേഷം യൂണിറ്റുകളിൽ നിയോഗിക്കുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷനായ ഡ്രൈവർമാരെ എം പാനൽ വ്യവസ്ഥയിൽ നിയമിക്കുന്നതിന് യൂണിറ്റാഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പരിചയ സമ്പന്നരായ ഡ്രൈവർമാരെയാണ് കെ.എസ്.ആർ.ടി.സി. തെരഞ്ഞെടുക്കുന്നത്. മതിയായ പരിശീലനം ലഭിക്കാത്തതുകൊണ്ട് അപകടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും കെ.എസ്.ആർ.ടി.സി.യിൽ നിയമനം ലഭിക്കുന്നവർക്ക് കെ.എസ്. ആർ.ടി.സി.യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ വച്ച് പ്രീ-അപ്പോയ്മെന്റ് ട്രെയിനിംഗ് നൽകുന്നുണ്ട്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവരെ മാത്രമെ യൂണിറ്റുകളിലേയ്ക്ക് നിയോഗിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly